**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6496** **20-03-2023 - ൽ മറുപടിയ്ക്ക്**

**ടാങ്കുകൾ സ്ഥാപിക്കുന്നതിതിന് ഭൂമിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായുള്ള ജലജീവൻ പദ്ധതിയുടെ ടാങ്കുകൾ സ്ഥാപിക്കുന്നതിതിന് ഭൂമിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവഹണത്തി നാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെ ചുമതലയാണ്. എന്നാൽ ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ആവശ്യമായ ഭൂമി ലഭ്യമാക്കുന്ന തുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നിരന്തരം ഇടപെടലുകൾ നടത്തുന്നുണ്ട്. സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം അതാത് ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽപെടുത്തി നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ജില്ലാ കളക്ടർമാർ അധ്യക്ഷരായിട്ടുള്ള ജലജീവൻ മിഷൻ DWSM (District Water and Sanitation Mission) യോഗങ്ങളിൽ പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ സ്ഥലലഭ്യത സംബന്ധിച്ച വിഷയം ജനപ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. വകുപ്പുമന്ത്രി ഓരോ ജില്ലയിലെയും പദ്ധതി പുരോഗതി നേരിട്ട് അവലോകനം നടത്തി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ബഹു.മുഖ്യമന്ത്രി നേരിട്ട് അവലോകനം നടത്തുന്ന പദ്ധതിയുടെ കൂട്ടത്തിൽ ജല ജീവൻ മിഷൻ പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും സ്ഥലലഭ്യത സംബന്ധിച്ചുള്ള വിഷയം അവലോകനം നടത്തി പരമാവധി വേഗത്തിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വാല്യുവേഷൻ |

| | | | |
|---|---|---|---|
| | | | നടപടികൾ വേഗത്തിലാക്കുവാൻ റവന്യൂ വകുപ്പിന്റെ ഇടപെടലും ആവശ്യമാണ്. |
| (ബി) | എങ്കിൽ അത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവഹണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെ ചുമതലയാണ്. എന്നാൽ ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ആവശ്യമായ ഭൂമി ലഭ്യമാക്കുന്ന തുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നിരന്തരം ഇടപെടലുകൾ നടത്തുന്നുണ്ട്. സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം അതാത് ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽപെടുത്തി നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ജില്ലാ കളക്ടർമാർ അധ്യക്ഷരായിട്ടുള്ള ജലജീവൻ മിഷൻ DWSM (District Water and Sanitation Mission) യോഗങ്ങളിൽ പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ സ്ഥലലഭ്യത സംബന്ധിച്ച വിഷയം ജനപ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. വകുപ്പുമന്ത്രി ഓരോ ജില്ലയിലെയും പദ്ധതി പുരോഗതി നേരിട്ട് അവലോകനം നടത്തി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ബഹു.മുഖ്യമന്ത്രി നേരിട്ട് അവലോകനം നടത്തുന്ന പദ്ധതിയുടെ കൂട്ടത്തിൽ ജല ജീവൻ മിഷൻ പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും സ്ഥലലഭ്യത സംബന്ധിച്ചുള്ള വിഷയം അവലോകനം നടത്തി പരമാവധി വേഗത്തിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വാല്യുവേഷൻ നടപടികൾ വേഗത്തിലാക്കുവാൻ റവന്യൂ വകുപ്പിന്റെ ഇടപെടലും ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ